**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** **09-06-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീമതി ദെലീമ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം മുകേഷ് | | Shri Saji Cherian<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളാണ് തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് ചുവടെ പറയുന്ന 8 മത്സ്യബന്ധന തുറമുഖങ്ങളാണ് തുറന്നു പ്രവർത്തിക്കാൻ സാധിച്ചിട്ടുള്ളത്. 1. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം - 48.8 കോടി (CSS) 2. തലായ് മത്സ്യബന്ധന തുറമുഖം - 34.79 കോടി രൂപ (CSS) 3. കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം - 63.99 കോടി രൂപ (CSS) 4. ചേറ്റുവ മത്സ്യബന്ധന തുറമുഖം - 30.24 കോടി രൂപ (CSS) 5. താനൂർ മത്സ്യബന്ധന തുറമുഖം - 55.85 കോടി രൂപ (CSS) + 14.86 കോടി രൂപ (NABARD) + 1.86 കോടി രൂപ (STATE) 6. വെള്ളയിൽ മത്സ്യബന്ധന തുറമുഖം - 39.3 കോടി രൂപ (CSS) + 28.83 കോടി രൂപ ((NABARD) 7. ചെല്ലാനം മത്സ്യബന്ധന തുറമുഖം - 5 കോടി രൂപ (TRP) + 40.27 കോടി രൂപ (NABARD) + 13 കോടി രൂപ (STATE) 8. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം - 13.66 കോടി രൂപ (CSS) + 31.02 കോടി രൂപ (RKVY) |
| (ബി) | മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിനായി ആദ്യഘട്ടത്തിൽ ഏതെല്ലാം തുറമുഖങ്ങളാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ആയതിന് വേണ്ടിവരുന്ന തുകയുടെ വിശദാംശവും ലഭ്യമാക്കുമോ; | (ബി) | മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിനായി ആദ്യഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ളത് തങ്കശ്ശേരി, ശക്തികുളങ്ങര, നീണ്ടകര, കായംകുളം എന്നീ മത്സ്യബന്ധന തുറമുഖങ്ങളാണ്. നബാർഡ് RIDF XXVI, ഓഖി പാക്കേജ് എന്നീ പദ്ധതികളിലുൾപ്പെടുത്തി 62.55 കോടി രൂപയുടെ പദ്ധതിയാണ് ഈ ഹാർബറുകളിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. നബാർഡ് RIDF XXVII-ൽ ഉൾപ്പെടുത്തി ആധുനികവൽക്കരിക്കേണ്ട ഫിഷിംഗ് ഹാർബറുകളുടെ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് പുതുതായി എത്ര മത്സ്യബന്ധന ഉറമുഖങ്ങൾ നിർമ്മിക്കാനുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ; | (സി) | പരിശോധിച്ച് വരുന്നു. |
| (ഡി) | മത്സ്യബന്ധന ഉറമുഖങ്ങളെ മത്സ്യ സംഭരണ, സംസ്കരണ, വിപണന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | മത്സ്യഫെഡ് മുഖാന്തിരം തീരത്തു നിന്ന് മാർക്കറ്റിലേയ്ക്ക് എന്ന പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും, മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ഫിഷ് ലാന്റിംഗ് സെന്ററുകളിൽ നിന്ന് നേരിട്ടും മത്സ്യം സംഭരിക്കുന്നതിന് ഉറമുഖങ്ങൾ/ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മത്സ്യ സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് മത്സ്യഫെഡിന്റെ സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. സംഭരിക്കുന്ന മത്സ്യം ഇൻസുലേറ്റഡ് വാഹനങ്ങളിൽ ഫിഷ് മാർട്ടുകളിലേയ്ക്ക് എത്തിക്കുന്നു. മത്സ്യം ന്യായവിലയ്ക്ക് കൃത്യം അളവിൽ നൽകുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി മത്സ്യഫെഡ് 47 ഫിഷ് സ്റ്റാളുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാന സഹകരണ വകുപ്പുമായി ചേർന്ന് വിവിധ ജില്ലകളിലായി സഹകരണ സംഘം/ബാങ്ക് 52 ഫ്രൈഞ്ചെസി ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നു. കൂടാതെ മത്സ്യഫെഡിന്റെ തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക് എന്ന് പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്ന് തന്നെ എത്തിക്കുന്നതിന് അന്തിപ്പച്ച എന്ന നാമധേയത്തിൽ മൊബൈൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. തിരുവനന്തപുരം-3, കൊല്ലം/ പത്തനംതിട്ട - 5, കോട്ടയം 1 എറണാകുളം - 1, ഫിഷ് ലാന്റിംഗ് സെന്ററുകളിൽ നിന്നും ഹാർബറുകളിൽ നിന്നും സംഭരിക്കുന്ന മത്സ്യം മത്സ്യഫെഡിന്റെ കൊച്ചിയിലെ ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കയറ്റുമതി ചെയ്യുകയും കൂടാതെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ ശീതീകരിച്ച മത്സ്യങ്ങൾ, അച്ചാറുകൾ, കട്‌ലറ്റുകൾ, ചമ്മന്തിപ്പൊടി മത്സ്യത്തിന്റെ കറിക്കൂട്ടുകൾ എന്നിവ പൊതു വിപണിയിലും ഫിഷ് മാർട്ടുകൾ വഴിയും വിപണനം ചെയ്തു വരുന്നു. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മത്സ്യ സംഭരണ സംസ്കരണ വിപണനവുമായി ബന്ധപ്പെട്ട ഉദ്യമം, എന്ന നിലയിൽ കൊല്ലം ജില്ലയിലെ നീണ്ടകര ഹാർബറിനടുത്ത് ദിവസേന ഒരു ടൺ പച്ച മത്സ്യം പ്രധാനമായും സൗരോർജ്ജം കൊണ്ട് ഉണക്കുവാൻ സാധിക്കുന്ന സംവിധാനമുള്ള |

| | | | |
|---|---|---|---|
| | | | ഒരു മത്സ്യസംസ്കരണ കേന്ദ്രം നളപാകം എന്ന പദ്ധതിയിൻകീഴിൽ സ്ഥാപിക്കപ്പെട്ട് പ്രവർത്തിച്ച് വരുന്നു. ഈ കേന്ദ്രത്തിൽ നിന്നും ഉണക്കമീൻ ഉൾപ്പെടെ മത്സ്യം അടിസ്ഥാനമാക്കിയുള്ള മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിച്ച് തെക്കൻ ജില്ലകളിൽ വിപണനം ചെയ്തു വരുന്നു. ഈ കേന്ദ്രം പ്രധാന സംഭരണ കേന്ദ്രമാക്കി കൊല്ലം ജില്ലയിൽ തന്നെയുള്ള കരിക്കോട് ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ആധുനിക മത്സ്യമാർക്കറ്റ് കേന്ദ്രീകരിച്ച് ആധുനിക രീതിയിൽ സംസ്കരിച്ച് പായ്ക്ക് ചെയ്ത 'റെഡി ടു കുക്ക് മത്സ്യം' ഇതിനായുള്ള വിപണന ശൃഖല മുഖേന വിപണനം ചെയ്യുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ഇതിനായി 3.5-4 ടൺ സംഭരണശേഷിയുള്ള ആവശ്യാനുസ രണം സ്ഥാനം മാറ്റാൻ കഴിയുന്ന ഒരു റീഫർ കണ്ടെയിനർ തങ്കശ്ശേരി ഹാർബറിൽ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ